# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

### തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും
### (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING )

### ആനുകാലിക റിപ്പോർട്ട്
### (2022 മാർച്ച് 31 വരെയുള്ളത്)

### PERIODICAL REPORT AS ON 31st MARCH, 2022

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്
(Presented on 13th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

FCB-5A/MTS/Sub.Comm.IX/Periodical Report - Facing sheet/(08.06.2022, corrected on 13.06.2022, 15.06.2022)

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**
(2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

789/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 22 |

# സബ്ജക്റ്റ് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
# (2021-2023)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജൻ,
റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
കായികം വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ. എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി. കെ. ജോസഫ്., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 1-4-2021 മുതൽ 31-3-2022 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2021-22 കാലയളവിൽ സമിതി 17-6-2021, 23-6-2021, 30-6-2021, 5-8-2021, 29-9-2021, 4-10-2021, 27-10-2021, 22-12-2021, 25-1-2022, 15-3-2022 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേർന്നു. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കും 8 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 80% ആയിരുന്നു.

ഈ റിപ്പോർട്ട് VII അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI(എ)-ൽ 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഉൾപ്പെടുന്നു. അദ്ധ്യായം VI(ബി)-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച

സ്റ്റേറ്റ്മെന്റുകളുടെയും ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും വിശദാംശങ്ങളും ചേർത്തിരിക്കുന്നു. അദ്ധ്യായം VII-ൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2022 ജൂൺ 30.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 30-6-2021-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 30-6-2021-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 30-6-2021-ലെ സമിതി അംഗീകരിക്കുകയും 2022 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

1. 2021– ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

2. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

3. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

4. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

5. 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

## അദ്ധ്യായം III

## പരിഗണിച്ച ചട്ടങ്ങൾ / എസ്.ആർ.ഒ.-കൾ

a) പരിഗണിച്ച ചട്ടങ്ങൾ

1) The Kerala Technical Cell of the Housing Department (Office of the Housing Commissioner) State Service Special Rules 2021. 22-12-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.15759/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം.HSG-A1/84/2017, തീയതി 20-9-2021)

2) The Local Self Government Department State Service Special Rules, 2022, The Local Self Government Department Subordinate Service Special Rules, 2022 15-3-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.4051/സബ്.സി.ഡി1/2022/നി.സെ.)

(സർക്കാർ കത്ത് നം.തസ്വഭവ-ഇ.ആർ.എ 2/382/2018-തസ്വഭവ, തീയതി 7-3-2022)

b) <u>എസ്. ആർ. ഒ.-കളുടെ വിശദാംശം</u>

| ക്രമ നം. | എസ്.ആർ.ഒ.-കളുടെ വിശദാംശം | സമിതി സാധൂകരണം നൽകിയ തീയതി |
|---|---|---|
| 1. | 2021– ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ - SRO No.705/ 2021<br>(ഫയൽ നം.17137/സബ്.സി.ഡി1/2021/നി.സെ)<br>(സർക്കാർ കത്ത് നം.ആർ.ഡി.2/235162/2015/തസ്വഭവ, തീയതി 21-10-2021) | 22-12-2021 |
| 2. | 2021– ലെ കേരള നഗര ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ<br>SRO No.704/2021<br>(ഫയൽ നം.17138/സബ്.സി.ഡി1/2021/നി.സെ)<br>(സർക്കാർ കത്ത് നം.ആർ.ഡി.2/15/2017/തസ്വഭവ, തീയതി 21-10-2021) | 22-12-2021 |
| 3. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അൺ-എംപ്ലോയ്മെന്റ് അലവൻസ് (കേരള) റൂൾസ്, 2021<br>SRO No.129/2021<br>(ഫയൽ നം.4409/സബ്.സി.ഡി1/2021/നി.സെ)<br>(സർക്കാർ കത്ത് നം.എഫ്1/2016/2020/റവ, തീയതി 15-2-2021) | 29-9-2021 |
| 4. | 2020-ലെ കേരള സംസ്ഥാന വഖഫ് (ഭേദഗതി) ചട്ടങ്ങൾ<br>SRO No.875/2020<br>(ഫയൽ നം.4409/സബ്.സി.ഡി1/2021/നി.സെ)<br>(സർക്കാർ കത്ത് നം.റവ.എഫ്1/2016/2020/ റവ, തീയതി15-2-2021) | 29-9-2021 |

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

പ്രസ്തുത കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | XXI - ഭവനനിർമ്മാണം | 2018-19 (കാലതാമസ പത്രിക സഹിതം) | ഇ 3/456/2019/ പൊ.മ.വ, തീയതി 12-2-2021 | 10-6-2021 |
| 2 | XXXVI - ഗ്രാമവികസനം | 2018-19 (കാലതാമസ പത്രിക സഹിതം) | 86/എഫ്.എം.2/2019/ തസ്വഭവ., തീയതി 5-2-2021 | 10-6-2021 |
| 3 | XXI - ഭവനനിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | ഇ 4/73/2020/ ആഭ്യന്തരം, തീയതി 25-6-2021 | 12-8-2021 |
| 4 | XXV - പൊതുഭരണ (ന്യൂനപക്ഷക്ഷേമം) | 2019-20 (കാലതാമസ പത്രിക സഹിതം) | MW1/46/2020-GAD തീയതി 17-2-2021 | 10-6-2021 |
| 5 | XXI - ഭവനനിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | ഇ 3/143/2020/ പൊ.മ.വ, തീയതി 22-3-2021 | 10-6-2021 |
| 6 | XXI - ഭവനനിർമ്മാണം | 2019-2020 (കാലതാമസ പത്രിക സഹിതം) | എ 2/176/2021/സഹ., തീയതി 16-9-2021 | 3-11-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 7 | XXI - ഭവനനിർമ്മാണം | 2020-21 | SW3/48/2021/ സൈക്ഷേമവ, തീയതി 28-7-2021 | 12-8-2021 |
| 8 | XXI - ഭവനനിർമ്മാണം | 2020-21 | ഇ 4/89/2021/ ആഭ്യന്തരം, തീയതി 8-7-2021 | 12-8-2021 |
| 9 | XXI - ഭവനനിർമ്മാണം | 2020-21 | PLGEA-B1-106/2020-PLGEA, തീയതി 25-6-2021 | 12-8-2021 |
| 10 | XXI - ഭവനനിർമ്മാണം | 2020-21 (കാലതാമസ പത്രിക സഹിതം) | HSG-PS/17/2021-HSG, തീയതി 21-10-2021 | 3-11-2021 |
| 11 | XXI - ഭവനനിർമ്മാണം | 2020-21 (കാലതാമസ പത്രിക സഹിതം) | ഇ 3/171/2021/ പൊ.മ.വ, തീയതി 18-1-2022 | 16-3-2022 |
| 12 | XXV - പൊതുഭരണ (ന്യൂനപക്ഷക്ഷേമം) | 2020-21 (കാലതാമസ പത്രിക സഹിതം) | MW1/42/2021-GAD, തീയതി 4-8-2021 | 16-3-2022 |

അദ്ധ്യായം VI

**(എ) 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 45 | 1, 2, 3, 4, 5, 7, 8, 9, 10, 12, 25, 26, 27, 28, 45 (6, 11 എന്നിവയിന്മേൽ അന്തിമ മറുപടി ലഭ്യമാക്കണം) | 6, 11, 13-24, 29-44 | 30 |

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും വിശദാംശങ്ങൾ

മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രികകൾ ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## I 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം.5488/സബ്.സിഡി1/2016/നി.സെ)

ശിപാർശ (ഖണ്ഡിക നം.73)

2216-80-190-99—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ

കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പലിശ സബ്സിഡി നൽകുന്നതിനായി 52,65,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

31-3-2014 വരെയുള്ള കാലയളവിൽ കോർപ്പറേഷന് അർഹതയുള്ള പലിശ സബ്സിഡിയിനത്തിൽ 52065 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തേണ്ടത്. എന്നാൽ എല്ലാവർഷവും 2216-80-190-99-(നോൺപ്ലാൻ) എന്ന ശീർഷകത്തിൽ ടോക്കൺ തുകയായി 1000 രൂപ മാത്രമാണ് വകയിരുത്തി വരുന്നത്.

ടി കോർപ്പറേഷൻ വൈൻഡപ്പ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സർക്കാർ കത്ത് നം.4173470/പി2/20/പൊ.വി.വ., തീയതി 22-1-2020)

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ ഖണ്ഡിക 73-ലെ ശിപാർശയിന്മേലുള്ള നടപടിപത്രിക 29-9-2021-ലെ സമിതി യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## II 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം.3134/സബ്.സി.ഡി1/2017/നി.സെ)

<u>ശിപാർശ (ഖണ്ഡിക നം.10)</u>

2216-05-053-98-17—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18-ൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 1,43,13,619 രൂപയാണ്. ആകെ ചെലവ് ബഡ്ജറ്റ് വിഹിതത്തേക്കാൾ കുറവായതിനാൽ തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നം.ഇ 3/155/2019/പൊ.മ.വ., തീയതി 23-6-2021)

<u>ശിപാർശ (പൊതുശിപാർശ -III)</u>

അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണം പോലെയുള്ള പദ്ധതികളിൽ പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ അവലംബിക്കുന്നതിന്റെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ഹൗസിംഗ് കമ്മീഷണറേറ്റ് എന്നീ സ്ഥാപനങ്ങൾ പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ടുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇനി പദ്ധതികൾ ചെയ്യുമ്പോൾ ടി സാങ്കേതിക വിദ്യയുടെ അനുയോജ്യത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന വസ്തുത അറിയിക്കുന്നു. അഖിലേന്ത്യ സർവ്വീസ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം പോലെയുള്ള പദ്ധതികളിൽ പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ അവലംബിക്കുന്നത് ഉചിതമായിരിക്കുമെന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.HSG-B2/18/2021-HSG, തീയതി 18-3-2021)

പൊതുമരാമത്ത് വകുപ്പിൽ നിന്നും ഖണ്ഡിക നം.10-ലെ ശിപാർശയിന്മേലുള്ള നടപടി പത്രികയും ഭവന നിർമ്മാണ വകുപ്പിൽ നിന്നും പൊതുശിപാർശ III-ന്മേലുള്ള നടപടിപത്രികയും 29-9-2021-ലെ യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## III 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം.3275/സബ്.സി.ഡി1/2019/നി.സെ.)

ശിപാർശ (ഖണ്ഡിക നം.1)

2216-05-001-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് വേണ്ടി മാറ്റിയ വിഹിതം.

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 3.313 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ ആകെ ചെലവായത് 3.5168 കോടി രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/392/2019/പൊ.മ.വ., തീയതി 10-12-2021)

ശിപാർശ (ഖണ്ഡിക നം.2)

2216-05-052-96—2059 പൊതുമരാമത്ത് എന്നതിൽ നിന്നും യന്ത്രോപകരണങ്ങളും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 19.59 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ ആകെ ചെലവായത് 24.62 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/392/2019/പൊ.മ.വ., തീയതി 10-12-2021)

ശിപാർശ (ഖണ്ഡിക നം.4)

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)—(സഹായധനം)

ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.0483 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭവനനിർമ്മാണ ബോർഡിന് 2216-80-103-99-36 (NP) ശീർഷകത്തിൽ 2019-20-ൽ 95.17 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 30 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളായി 60 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ടി ശീർഷകത്തിൽ അധിക തുക റിലീസ് ചെയ്യുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

2020-21 സാമ്പത്തിക വർഷം 2216-80-103-99-(01)-36 നോൺ പ്ലാൻ ശീർഷകത്തിൽ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 85.65 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 75 ലക്ഷം രൂപ മൂന്ന് ഗഡുക്കളായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.HSG-B2/76/2019-HSG, തീയതി 19-4-2021)

ശിപാർശ (ഖണ്ഡിക നം.5)

2216-80-103-99 (35)—ലക്ഷം വീട് ബമ്പർ ലോട്ടറി - തനത് വരുമാനം

കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസലിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 4.663 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലക്ഷം വീട് പദ്ധതിയ്ക്ക് സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപയിൽ 1.5 കോടി രൂപ 2216-80-103-99 (35) എന്ന ശീർഷകത്തിൽ GO(Rt)9683/2018/ധന തീയതി 24-11-2018 ഉത്തരവ് പ്രകാരം അനുവദിച്ച നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30-11-2018-ലെ ജി.ഒ. (ആർ.റ്റി) നം.12/2018/ഭവനം നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്ത് നൽകിയിരുന്നു. 2020-21 സാമ്പത്തിക വർഷം GO (Rt) No.3847/2020/ധന, തീയതി 24-6-2020 പ്രകാരം വീണ്ടും അധിക ധനാനുമതിയായി 1.5 കോടി രൂപ അനുവദിക്കുകയും തുടർന്ന്

21-7-2020-ലെ ജി.ഒ.(ആർ.റ്റി) നം.23/2020/ഭവനം നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്ത് ഉത്തരവായിരുന്നു. ആകെ 3,00,00,000 രൂപ അനുവദിച്ചിരുന്നു. 6,16,63,260 രൂപയിൽ അനുവദിക്കാൻ ബാക്കിയുള്ള തുക പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നം.HSG-B2/76/2019-HSG, തീയതി 19-4-2021)

ശിപാർശ (ഖണ്ഡിക നം.6)

2216-80-103-99 (37)—ഗൃഹശ്രീ - സബ്സിഡി

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 17.64 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 വർഷം ഭരണാനുമതി നൽകിയിരുന്നില്ല. ഗൃഹശ്രീ പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം 2216-80-103-99(37) (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20 കോടി രൂപയും സ.ഉ.(സാധാ) നം.08/2021/ഭവനം തീയതി 12-2-2021 പ്രകാരം റിലീസ് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.HSG-B2/76/2019-HSG, തീയതി 19-4-2021)

ശിപാർശ (ഖണ്ഡിക നം.9)

4216-01-106-98(02)—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്-വൻകിട മരാമത്ത് പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.004 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആകെ ചെലവായത് 93,74,365 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യം വന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക നം.11)

4216-80-201-96—കടകംപള്ളി റവന്യൂ ടവർ

കടകംപള്ളി റവന്യൂ ടവർ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലും ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കടകംപള്ളി റവന്യൂ ടവർ പദ്ധതിയ്ക്കായി 5 കോടി രൂപ 4216-80-201-96 എന്ന ശീർഷകത്തിൽ നിന്നും 28-3-2018-ൽ ഭവന നിർമ്മാണ ബോർഡിന് റിലീസ് ചെയ്ത് നൽകിയിരുന്നുവെങ്കിലും 31-3-2018-ൽ ട്രഷറി അക്കൗണ്ടിൽ നിന്നും ടി തുക സർക്കാർ പിൻവലിക്കുകയുണ്ടായി. ടി തുക തിരികെ അനുവദിക്കണമെന്ന ആവശ്യം ധനവകുപ്പ് പരിശോധിക്കുകയും ഏകദേശം ഒരു കോടിയോളം രൂപയുടെ വർക്ക് ബിൽ നൽകുവാൻ കുടിശ്ശികയുണ്ടെന്ന് അറിയിച്ചതിനെ ത്തുടർന്ന്, 2019-20 സാമ്പത്തിക വർഷം 4216-80-201-96-കടകംപള്ളി റവന്യൂ ടവർ എന്ന ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാതിരുന്നതിനാൽ ടി ശീർഷകത്തിൽ GO (Rt) No.3920/2019/Fin. Dated 23-5-2019 പ്രകാരം ഒരു കോടി രൂപ അധിക ധനാനുമതി വഴി അനുവദിക്കുകയുണ്ടായി. തുടർന്ന് ടി തുക സ.ഉ.(സാധാ) നം.16/19/ഭവനം, തീയതി 27-6-2019 പ്രകാരം റിലീസ് ചെയ്ത് നൽകിയിരുന്നു.

(സർക്കാർ കത്ത് നം.HSG-B2/76/2019-HSG, തീയതി 19-4-2021)

ഭവനനിർമ്മാണ വകുപ്പിൽ നിന്നും 4, 5, 6, 11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രിക 29-9-2021-ലെ യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പൊതുമരാമത്ത് വകുപ്പിൽ നിന്നും 1, 2, 9 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രിക 25-1-2022-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത ഖണ്ഡികകളിന്മേൽ ലഭ്യമായ കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## IV 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം.1622/സബ്.സി.ഡി1/2020/നി.സെ)

ശിപാർശ (ഖണ്ഡിക നം.1)

2216-05-053-98-17—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 1,67,09,251 രൂപയാണ്. ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഇ/160/2020/പൊ.മ.വ., തീയതി 20-7-2021)

<u>ശിപാർശ(ഖണ്ഡിക നം.2)</u>

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 11.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 01-സംരക്ഷണവും അറ്റകുറ്റപ്പണികളും, 02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും ഉൾപ്പെടെ 20,55,00,000 രൂപയായിരുന്നു വിഹിതം. ആകെ ചെലവായത് 16,97,82,698 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നം. ഇ 3/160/2020/പൊ.മ.വ., തീയതി 20-7-2021.)

<u>ശിപാർശ (ഖണ്ഡിക നം.3)</u>

2216-05-053-95—<u>തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി മേൽ ശീർഷകത്തിൽ 1.46 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ആകെ ചെലവ് 94,20,676 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.ഇ 3/160/2020/പൊ.മ.വ., തീയതി 20-7-2021)

<u>ശിപാർശ (ഖണ്ഡിക നം.4)</u>

2216-05-053-94—<u>നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)</u>

നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് 1,12,14,776 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.ഇ 3/160/2020/പൊ.മ.വ., തീയതി 20-7-2021)

<u>ശിപാർശ (ഖണ്ഡിക നം.9)</u>

4216-01-700-85—<u>റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്</u>

റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിൽ ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ 2,63,45,929 രൂപ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഇ 3/160/2020/പൊ.മ.വ., തീയതി 20-7-2021)

പൊതുമരാമത്ത് വകുപ്പിൽ നിന്നും 1, 2, 3, 4, 9 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രിക 29-9-2021-ലെ യോഗം അംഗീകരിച്ചു

ശിപാർശ (ഖണ്ഡിക നം.26)

2225-04-001-99-97—വാഹനങ്ങളുടെ വാടക

പ്രതിമാസ വാഹന വാടക നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നം.4133/2020/ധന., തീയതി 14-7-2020 നമ്പർ ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 3,80,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. അത്തരത്തിൽ മുഴുവൻ തുകയും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.27)

2225-04-001-99-17—ചെറുകിട മരാമത്ത് പണികൾ

പത്തനംതിട്ട, കോഴിക്കോട് കോച്ചിംഗ് സെന്ററുകളുടെ പണികൾക്കായി മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോഴിക്കോട് സി.സി.എം.വൈ നിലവിൽ പ്രവർത്തിച്ചുവരുന്നത് ഹജ്ജ് കമ്മിറ്റിയുടെ ഓഫീസിലാണ്. ടി കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചിരുന്ന മദ്രസ്സാ ക്ഷേമനിധി ബോർഡിന്റെ ഓഫീസ് കെട്ടിടം ഒഴിയുന്ന മുറയ്ക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് സി.സി.എം.വൈ-യ്ക്ക് ലഭ്യമാക്കാമെന്ന് പ്രതീക്ഷിച്ചിരുന്നു. ടി കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായിട്ടാണ് തുക ആവശ്യപ്പെട്ടത് പത്തനംതിട്ട

സി.സി.എം.വൈ-യുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിരുന്നില്ല ആയതിനാൽ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ടി തുക ആവശ്യമായി വന്നിരുന്നില്ല

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.28)

2225-04-001-99-06—വാടക, കരം, നികുതി

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുതിയ ഏഴ് കോച്ചിംഗ് സെന്ററുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-04-001-99-06(RRT) Non Plan ശീർഷകത്തിൽ വാടക കുടിശ്ശിക ഇനത്തിലുള്ള 68.5 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം ആയത് ലഭിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം GO(Rt) No.6170/2021/Fin., dated 18-9-2021 ഉത്തരവ് പ്രകാരം 60.3 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.29)

2225-04-001-99-02—വേതനം 4 കൺസോളിഡേറ്റഡ് പേ

ഡയറക്ടറേറ്റിലേയും കോച്ചിംഗ് സെന്ററുകളിലെയും കരാർ ജീവനക്കാർക്ക് ശമ്പളം അനുവദിക്കുന്നതിന് കൺസോളിഡേറ്റഡ് പേയിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 1.07 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ 2,46,15,000 രൂപയാണ് ഡയറക്ടറേറ്റിലെയും കോച്ചിംഗ് സെന്ററുകളിലേയും കരാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനു വേണ്ടി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 25 ലക്ഷം രൂപയാണ് അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. അധികമായി ആവശ്യം വന്നിട്ടുള്ള ഈ തുക റീ അപ്രോപ്രിയേഷൻ മുഖേന റഗുലറൈസ് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.30)

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 95.44 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയ കമ്മീഷന്റെ പല പ്രവർത്തനങ്ങളും പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.31)

2225-04-102-92-34—മറ്റ് ചെലവുകൾ

23 സെന്ററുകളിലെയും 29 സബ്സെന്ററുകളിലെയും ഓണറേറിയം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയായ സാഹചര്യത്തിൽ, അധിക തുക ആവശ്യമായിരുന്നില്ല. അധിക തുക ആവശ്യമായി വരാത്തതിന് കാരണം കോവിഡ് മഹാമാരിമൂലം ക്ലാസുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ ഫാക്കൽറ്റികളുടെ ഓണറേറിയമിനത്തിലുണ്ടായ കുറവ് മൂലമാണ്. ടി ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ച തുക 1,17,50,368 രൂപയാണ്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

ശിപാർശ (ഖണ്ഡിക നം.32)

2225-04-102-91—(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ) - 31(സഹായധനം - ശമ്പളം)

ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 68.15 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശമ്പള ഇനത്തിലും മറ്റ് അനുബന്ധ ചെലവുകൾക്കും ബഡ്ജറ്റ് വിഹിതത്തിനു മുപരിയായി ആവശ്യം വന്ന 12 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി ലഭ്യമായിട്ടുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

<u>ശിപാർശ (ഖണ്ഡിക നം.33)</u>

4225-04-102-99—<u>ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആകെ ആവശ്യമായ 40 കോടി രൂപയിൽ ബഡ്ജറ്റിൽ വകയിരുത്തിയ 16.25 കോടി രൂപയ്ക്ക് പുറമെ 23.75 കോടി രൂപ അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. 2020-21 സാമ്പത്തിക വർഷം ആയത് ലഭിച്ചിരുന്നില്ലെങ്കിലും ടി തുക 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

<u>ശിപാർശ (ഖണ്ഡിക നം.34)</u>

2225-02-283-89—<u>ഭവനരഹിതർക്ക് ഭവനം</u>

2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ നിർമ്മാണം, വകുപ്പ് മുഖേനയുള്ള ഭവന പുനരുദ്ധാരണം എന്നിവയ്ക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 81.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശീർഷകം വകുപ്പുമായി ബന്ധപ്പെട്ടതല്ല. വകുപ്പിന്റെ ഭവന പദ്ധതിയ്ക്കായി അനുവദിച്ച 2225-04-283-89 ശീർഷകത്തിൽ 11 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ശീർഷകത്തിൽ അധിക തുക ആവശ്യമില്ല. അധിക തുക ആവശ്യമില്ലാത്തതിനാൽ തുക ആവശ്യപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

<u>പൊതുശിപാർശ (ഖണ്ഡിക നം.35)</u>

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര സഹായപദ്ധതികൾ സമിതി പരിശോധിക്കുകയുണ്ടായി. വിവിധ പദ്ധതികൾക്കായി ആവശ്യാധിഷ്ഠിതമായി അർഹമായ സഹായം യഥാസമയം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ന്യൂനപക്ഷക്ഷേമത്തിനായുള്ള വിവിധ പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് വേണ്ടി യഥാസമയം കേന്ദ്രത്തിനോട് അഭ്യർത്ഥിക്കാറുണ്ട്.

(സർക്കാർ കത്ത് നം. എം.ഡബ്ല്യു1/135/2020-GAD, തീയതി 9-12-2021)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിൽ നിന്നും ഖണ്ഡിക നമ്പർ 26 മുതൽ 35 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രിക 25-1-2022-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത ഖണ്ഡികകളിന്മേൽ ലഭ്യമായ കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## V 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം.11982/സബ്.സി.ഡി1/2021/നി.സെ.)

<u>ശിപാർശ (ഖണ്ഡിക നം.6)</u>

2216-80-103-99—<u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>

01—<u>സഹായധനം</u>

36—സഹായധനം, ശമ്പളേതരം

കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഇടക്കാല റിപ്പോർട്ട്)

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നടപ്പ് വർഷം നോൺ പ്ലാൻ ശീർഷകമായ 2216-80-103-99(01) 36 ഗ്രാന്റ് ഇൻ എയിഡ് ആയി 85.65 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും 50,00,000 രൂപ ഒന്നാം ഗഡുവായി ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് സ.ഉ.(സാധാ) നം.65/2021/ഭവനം, തീയതി 12-10-2021 പ്രകാരം ഉത്തരവായിരുന്നു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം സമിതിയുടെ ശിപാർശ പ്രകാരം അധിക തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നം.HSG-B2/88/2021-HSG, തീയതി 4-1-2022)

ശിപാർശ (ഖണ്ഡിക നം.11)

4216-80-201-96 —കടകംപള്ളി റവന്യൂ ടവർ

കടകംപള്ളി റവന്യൂ ടവർ പദ്ധതി നിർമ്മാണം പൂർത്തീകരിച്ച വകയിൽ ബാക്കി നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഇടക്കാല റിപ്പോർട്ട്)

കടകംപള്ളി റവന്യൂ ടവറിന് 5 കോടി രൂപ ചെലവ് ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. 27-6-2019-ലെ സ.ഉ. (സാധാ) നം.16/2019/ഭവനം, 11-8-2020-ലെ സ.ഉ.(സാധാ)നം.25/2020/ ഭവനം, 19-11-2020-ലെ സ.ഉ. (സാധാ) നം.44/2020/ഭവനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 1 കോടി രൂപ വീതം ആകെ 3 കോടി രൂപയും സ.ഉ. (സാധാ) നം. 68/2021/ ഭവനം, തീയതി 30-10-2021 പ്രകാരം 1,68,73,000 രൂപയും അനുവദിച്ച് ഉത്തരവായിരുന്നു.

(സർക്കാർ കത്ത് നം.HSG-B2/88/2021-HSG, തീയതി 4-1-2022)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും

### ശിപാർശ (ഖണ്ഡിക നം.37)

പരാമർശം: "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ കൃത്യമായും യൂണിഫോം ധരിച്ചുകൊണ്ട് തന്നെ ഡ്യൂട്ടി നിർവ്വഹിക്കണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരികൾ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യം നിഷ്കർഷിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു."

### സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ കൃത്യമായും യൂണിഫോം ധരിച്ചുകൊണ്ട് തന്നെ ഡ്യൂട്ടി നിർവ്വഹിക്കുന്നുണ്ടെന്ന് അതത് തദ്ദേശസ്വയംഭരണ അധികാരികൾ ഉറപ്പു വരുത്തണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരികൾ നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 9-2-2021 തീയതിയിലെ 199/DC1/2019/തസ്വഭവ. നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.199/ഡിഡി1/19/തസ്വഭവ. തീയതി 11-2-2021)

### ശിപാർശ (ഖണ്ഡിക നം.40)

പരാമർശം: "ഓരോ കോർപ്പറേഷനിലും രണ്ടു വീതം എൻവയോൺമെന്റൽ എൻജിനീയർ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

### സ്വീകരിച്ച നടപടി

എൻവയോൺമെന്റൽ എഞ്ചിനീയറുടെയും സ്ട്രക്ച്ചറൽ എഞ്ചിനീയറുടെയും പൂർണ സമയ സേവനം ലഭ്യമായാൽ മാത്രമേ അമൃത്, സ്മാർട്ട് തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്തു നടപ്പാക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ അതിനുവേണ്ടി ആറ് കോർപ്പറേഷനുകളിലായി എൻവയോൺമെന്റൽ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും സ്ട്രക്ച്ചറൽ എഞ്ചിനീയർ/അസിസ്റ്റന്റ്

എഞ്ചിനീയരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരികയാണ്. (തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.) വകുപ്പിന്റെ EW3/725/2018/LSGD നമ്പർ ഫയൽ)

കൂടാതെ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിനു കീഴിൽ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് വിംഗ് രൂപീകരിക്കുന്നതിന് സ.ഉ.(കൈ) നം.106/2020/ തസ്വഭവ., തീയതി 17-7-2020 പ്രകാരം തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സർക്കാർ കത്ത് നം.199/ഡിഡി1/19/തസ്വഭവ, തീയതി 11-2-2021)

## 15-5-2019-ലെ യോഗനിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നം. 3229/സബ്.സി.ഡി1/2019/നി.സെ.)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 15-5-2019-ൽ ചേർന്ന യോഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പി.എം.എ.വൈ.(ഗ്രാമീൺ), പി.എം.ജി.എസ്.വൈ., എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ഈ പദ്ധതികൾ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തവയാണെന്നും ആയതിനാൽ, അടുത്ത ഘട്ടത്തിലേക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ സംസ്ഥാന സർക്കാരിന് നടപ്പിലാക്കാൻ സാധിക്കുംവിധം മാനദണ്ഡങ്ങളിൽ ഇളവ് ചെയ്ത് നൽകണമെന്ന് പ്രൊപ്പോസലിൽ സൂചിപ്പിക്കണമെന്നും ആയത് സബ്ജക്ട് കമ്മിറ്റി IX-ന്റെ ശിപാർശയായി സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### <u>പി.എം.എ.വൈ.(ഗ്രാമീൺ)</u>

പി.എം.എ.വൈ.(ഗ്രാമീൺ) ഭവന പദ്ധതിയുടെ മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കേന്ദ്രസർക്കാരിന് ഗ്രാമവികസന കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

### <u>പി.എം.ജി.എസ്.വൈ.</u>

പി.എം.ജി.എസ്.വൈ. പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ പൂർണ്ണമായ പ്രവർത്തന മേൽനോട്ടത്തിൽ നടന്നുവരുന്ന ഗ്രാമീണ റോഡ് വികസന പദ്ധതിയാണ്. എന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച് വടക്കൻ സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായ ഭൂപ്രകൃതിയും ജനസാന്ദ്രതയുമാണ് കേരളത്തിലുള്ളത്.

പി.എം.ജി.എസ്.വൈ. 1 & 2 സ്കീമുകൾക്ക് ശേഷം 2019 ആഗസ്റ്റ് 15-ലാണ് പി.എം.ജി.എസ്.വൈ.-3 നിലവിൽ വന്നിട്ടുള്ളത്. പി.എം.ജി.എസ്.വൈ.-3 പദ്ധതിയിലെ മാനദണ്ഡങ്ങളിൽ, കേരളത്തിന് പ്രായോഗികമായി പദ്ധതി നടപ്പാക്കാൻ സാധ്യമാകും വിധം, ഇളവ് ചെയ്ത് നൽകണമെന്ന് കേന്ദ്രസർക്കാരിന് ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ. മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജനസാന്ദ്രതയും കേരളത്തിലെ ഭൂപ്രകൃതിയും കണക്കിലെടുത്ത് റോഡിന്റെ ഗ്രേഡിയന്റിൽ ഇളവ് നൽകണമെന്നും ഗ്രേഡിയന്റ് 1 ഇൻ 8 ആയി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-3 പദ്ധതിയിലെ തുടർ ബാച്ചുകളിൽ ഉൾപ്പെടുന്ന റോഡുകൾക്ക് ഗ്രേഡിയന്റ് ഇഷ്യൂ നിലവിലുണ്ട്. ആയതിന് കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇളവ് ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2. കാർഷിക ഗ്രാമീണ വിപണികളെയും ഹയർ സെക്കന്ററി സ്കൂളുകളെയും ബന്ധിപ്പിക്കുന്ന തരത്തിൽ റോഡുകളുടെ നിർമ്മാണം ക്രമീകരിക്കണമെന്നാണ് നിബന്ധന. കേരളത്തിലെ രീതി അനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ കൂടുതലായി ഗ്രാമീണ റോഡുകളിലായല്ല കാണപ്പെടുന്നത്. ആയതിനാൽ റബ്ബർ, ടീ, കോഫി, ഏലം തുടങ്ങിയ പ്ലാന്റേഷനുകളെയും തീർത്ഥാടന കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിലുള്ള റോഡുകളുടെ നിർമ്മാണത്തിനും വെയിറ്റേജ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. റോഡിന്റെ വീതി 8 മീറ്റർ എന്നുള്ളത് മുൻകാലങ്ങളിലെ പോലെ 5 മീറ്ററായി കുറച്ച് അംഗീകരിച്ചിട്ടുള്ളതാണ്. 5 കി.മീ. ക്യാൻഡിഡേറ്റ് റോഡിന്റെ നീളം ലഭ്യമാക്കാൻ കേരളത്തിന്റെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്. ആയതിനാൽ ടി റോഡിന്റെ നീളം കേരളത്തിന്റെ അഭ്യർത്ഥന കൂടി പരിഗണിച്ച് "mandatory" എന്നുള്ളത് "preferable" എന്നാക്കി മാർഗ്ഗരേഖയിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്.

4. വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും ഹിൽ സ്റ്റേഷനുകൾക്കും പദ്ധതി നിർവ്വഹണത്തിനായുള്ള കേന്ദ്ര വിഹിതം 90%-ഉം ബാക്കിയുള്ള സംസ്ഥാനങ്ങൾക്ക് 60%-ഉം ആണ്. കേരളത്തിലെ പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന ജില്ലകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കേന്ദ്ര വിഹിതം 90% ആയി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2022, ജൂൺ 30.

അനുബന്ധം

17-6-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2021 ജൂൺ മാസം 17-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനായ ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വീഡിയോകോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൻ.കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ.സി. മൊയ്തീൻ
4. ശ്രീ. വി.കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള

വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. പി. ബാലചന്ദ്രൻ
2. ശ്രീ. ടി.ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബിജു എസ്., ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. പി.വി. ബാബു, ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

4. ഡോ. ദിവ്യാ എസ്. അയ്യർ, മാനേജിംഗ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

5. ഡോ. പി.കെ. ജയശ്രീ, ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്

6. ശ്രീ. പി.ബി. നൂഹ്, സി.ഇ.ഒ., ലൈഫ് മിഷൻ

7. ഡോ. രേണു രാജ്, ഡയറക്ടർ, നഗരകാര്യ വകുപ്പ്

8. ശ്രീ. രാമചന്ദ്രൻ എ., സെക്രട്ടറി, ട്രിഡ.

9. ശ്രീ. ജോയി ഇളമൻ, ഡയറക്ടർ ജനറൽ, കില

10. ശ്രീ. വി. ആർ. വിനോദ്, ഗ്രാമവികസന കമ്മീഷണർ

11. ശ്രീ. വി. എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്.

12. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

13. ശ്രീ. എൻ. അജയകുമാർ, ചീഫ് എഞ്ചിനീയർ, ലൈഫ് മിഷൻ

14. ശ്രീ. ജോൺസൺ കെ., ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

15. ശ്രീ. പ്രേംകുമാർ സി.പി., ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ (പ്ലാനിംഗ്)വകുപ്പ്.

16. ശ്രീ. രാജേഷ് പി. എൻ , സ്പെഷ്യൽ ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ (പ്ലാനിംഗ്) വകുപ്പ്.

17. ശ്രീമതി അനില എൽ., സ്റ്റേറ്റ് ഫിനാൻസ് ഓഫീസർ, ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്.

18. ശ്രീ. കെ. ആർ. ഗോപകുമാർ, ഫിനാൻസ് ഓഫീസർ, ലൈഫ് മിഷൻ

19. ശ്രീമതി രാജേശ്വരി ടി.ആർ., സ്റ്റേറ്റ് ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ്

20. ശ്രീമതി ജലജ കുമാരി എൽ., സീനിയർ ഫിനാൻസ് ഓഫീസർ, സി.ആർ.ഡി.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി XXII(നഗരവികസനം), XXVIII(പലവക സാമ്പത്തിക സർവ്വീസുകൾ) XXXV(പഞ്ചായത്ത്), XXXVI(ഗ്രാമവികസനം), XLVI(സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും) എന്നീ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനങ്ങളെടുക്കുകയും ചെയ്തു.

<u>ധനാഭ്യർത്ഥന XXII—നഗരവികസനം</u>

2217-80-800-76—<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

കോവിഡ് മഹാമാരി സൃഷ്ടിച്ച തൊഴിൽ പ്രതിസന്ധി കാരണം ധാരാളം വ്യക്തികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനായി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-80-001-92—<u>നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും</u>

നഗരകാര്യ വകുപ്പിന്റെയും കീഴ് ഓഫീസുകളിലെയും ജീവനക്കാരുടെ സേവന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-05-051-98—<u>പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം</u>

പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 3.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-80-001—95

95—<u>കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ</u>

99—<u>വിവര സാങ്കേതിക വിദ്യ</u>

ഡിപ്പാർട്ട്മെന്റ് ഓഫ് അർബൻ അഫയേഴ്സിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവായിട്ടുള്ള 2 ലക്ഷം രൂപ ട്രഷറിയിൽ പെൻഡിംഗ് ആയത് കാരണം ഈ വർഷത്തെ ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടിവരുന്നതുകൊണ്ട് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2217-05-192-77—<u>ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്</u>

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി നഗരസഭകൾ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ നൽകുന്നതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന.</u>

10—<u>സംഭാവന</u>

നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ നഗരസഭകൾക്ക് അലോട്ട്മെന്റ് നൽകുവാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കിയ സമിതി ഈ ഇനത്തിൽ ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 550 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2217-80-001-99 —<u>ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്</u>

05-2 ഓഫീസ് ചെലവുകൾ—<u>വൈദ്യുതി ചെലവ്</u>

ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിലെ ഓഫീസ് ശീതീകരിച്ചതിനെ തുടർന്ന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധികമായി തുക ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-80-001-99—<u>ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്</u>

45—<u>പി.ഒ.എൽ.</u>

ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സിൽ ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 30,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2217-05-191-48—<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

04—<u>പ്രധാനമന്ത്രി ആവാസ് യോജന-നഗരം (60% സി.എസ്. എസ്) (ജനറൽ) കോർപ്പറേഷനുകൾ</u>

2217-05-192-48—<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

04—<u>പ്രധാനമന്ത്രി ആവാസ് യോജന-നഗരം (60% സി.എസ്.എസ്) (ജനറൽ) മുനിസിപ്പാലിറ്റികൾ</u>

പ്രധാനമന്ത്രി ആവാസ് യോജനയുടെ നഗരം പദ്ധതിയ്ക്ക് ബഡ്ജറ്റ് വിഹിതമായി 2021-22 ലേക്ക് വകുപ്പ് ആവശ്യപ്പെട്ട 488.20 കോടി രൂപയിൽ പൂർണ്ണമായും തുക അനുവദിച്ചിട്ടില്ലാത്തതിനാലും പദ്ധതി കാലാവധി 31-3-2022-ൽ അവസാനിക്കുന്നതിനാലും അംഗീകാരം ലഭിച്ച എല്ലാ വീടുകളുടെയും നിർമ്മാണം കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകങ്ങളിൽ യഥാക്രമം 17.64 കോടി രൂപയും 70.56 കോടി രൂപയും ചേർത്ത് ആകെ 88.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-05-191-36—<u>തിരുവനന്തപുരം വികസന അതോറിറ്റി</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനും മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്നീ ഇനങ്ങളിലായി 95 കോടി രൂപയുടെ (70 + 25) ധനാഭ്യർത്ഥന നേരത്തേ സമർപ്പിച്ചിരുന്നുവെങ്കിലും ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പു വർഷം 25 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4217-60-051-94—<u>വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ)</u>

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണപ്രവൃത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകേണ്ടതിനായി മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2217-80-800-62—<u>ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള സഹായ ധനം</u>

ലൈഫ്-പി.എം.എ.വൈ. (അർബൻ) ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷം പലിശയിനത്തിൽ 72 കോടി രൂപ നൽകേണ്ടതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

### 2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കിലയിലെ ആഫീസ് ചെലവ്, ശമ്പളം, ദൈനംദിന ചെലവുകൾ മുതലായവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 17.88 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

### 2515-00-800-94—റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം- സഹായധനം

വക്കം, കറുകുറ്റി, മുളന്തുരുത്തി, കുറ്റിപ്പുറം, അഴിയൂർ, ഒഞ്ചിയം, മാടായി എന്നീ പഞ്ചായത്തുകളിലെ റെയിൽവെ ലെവൽ ക്രോസ് അറ്റകുറ്റ പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.70 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 2515-00-001-91—തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽ നോട്ടം

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ സ്ഥലംമാറ്റ,ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.28 ലക്ഷം രൂപ ധനപുനഃവിനിയോഗ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

### 4515-00-800-96—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകൾ ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 4515-00-800-97—പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം സർക്കാർ നിർത്തലാക്കിയിരുന്നെങ്കിലും ടി വർഷത്തിലും അതിനു മുമ്പും ഭരണാനുമതി നൽകിയ

പ്രവൃത്തികളുടെ ബില്ലുകൾ ഒടുക്കേണ്ടതിനാലും ഈ ഇനത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും മേൽ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-001-86—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനിക വൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

ഇ-ഗവേർണൻസിന്റെ ഭാഗമായി പ്രൈസ് സോഫ്റ്റ്‌വെയറിന്റെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ടാബ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്കുതലത്തിൽ വ്യാപിപ്പിക്കുന്നതിനും റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3.71 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി ഈ ആവശ്യത്തിനായി 4515-00-800-92 എന്ന ശീർഷകം പുനഃസ്ഥാപിച്ച് പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2515-00-003-44—മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങൾ

കിലയുടെ കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളുടെ ഓഫീസ് കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടേയും അറ്റകുറ്റപ്പണികളും പരിപാലനവും, ചുറ്റുമതിൽ നിർമ്മാണം, പമ്പ് ഹൗസ് നന്നാക്കൽ, കമ്പ്യൂട്ടർ ലാബിലേക്കും ഓഫീസിലേക്കും വേണ്ട കമ്പ്യൂട്ടറും കമ്പ്യൂട്ടർ ഉപകരണങ്ങളും വാങ്ങൽ, ഫാമുകളിലെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4515-00-800-98—(പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം)

03—അധിക സംസ്ഥാന വിഹിതം

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXVI ഗ്രാമവികസനം

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

10—പ്രധാനമന്ത്രി ആവാസ് യോജന ( പി. എം. എ. വൈ. ഗ്രാമീണ)(60% സി.എസ്.എസ്.)

2501-06-789-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ)(60% സി. എസ്.എസ്.)

2501-06-796-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.(ഗ്രാമീണ (60% സി. എസ്.എസ്.)

2021-22 സാമ്പത്തിക വർഷം പി.എം.എ.വൈ പദ്ധതിയിൽ 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 71.9391768 കോടി രൂപയും സംസ്ഥാനവിഹിതമായി 47.9594512 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4515-00-103-97—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (90% സി.എസ്.എസ്)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധന ഘടക ചെലവ് ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 150 കോടി രൂപ (കേന്ദ്ര വിഹിതമായി 100 കോടിയും സംസ്ഥാന വിഹിതമായി 50 കോടിയും) ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്തതിന് വേതനം ലഭിയ്ക്കാനുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട വേതന കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2515-00-001-44—ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും

2021-22 സാമ്പത്തിക വർഷത്തിൽ വാഹന വാടകയിനത്തിലും ഗ്രാമവികസന കമ്മീഷണറേറ്റിലേയും അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസുകളിലെയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 21.15740 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-001-42—സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം

"സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ ക്രമീകരണം" എന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം-ലൈഫ്-പാർപ്പിട മിഷൻ)

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിലും അഡീഷണൽ ലിസ്റ്റ് (ഫിഷറീസ്)ലുമായി ഉൾപ്പെട്ടിട്ടുള്ള 57,000 പേർക്ക് സംസ്ഥാന വിഹിതമായ 1 ലക്ഷം രൂപ വീതം അനുവദിയ്ക്കുന്നതിന് 570 കോടി രൂപയുടെ ആവശ്യകതയുണ്ടാകുന്നതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 570 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2515-00-102-30—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം

ഹഡ്കോയുടെ വായ്പാ ഇനത്തിലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15.42 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 23-6-2021-ന് കൂടുവാൻ തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്ക് ശേഷം 3.20-ന് അവസാനിച്ചു.)

## 23-6-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2021 ജൂൺ മാസം 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനായ ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നേരിട്ടും ബഹു. കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ വീഡിയോ കോൺഫറൻസിലൂടെയും യോഗത്തിൽ പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. എൻ. കെ. അക്ബർ.
2. ശ്രീമതി കാനത്തിൽ ജമീല.
3. ശ്രീ. എ. സി.മൊയ്തീൻ.
4. ശ്രീ. വി. കെ. പ്രശാന്ത്.
5. ശ്രീ. പി. ഉബൈദുള്ള.

**വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ. പി. ബാലചന്ദ്രൻ.
2. ശ്രീ. ടി. ജെ. വിനോദ്.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി. ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. ദീപ. വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി. കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

3.ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

4. ശ്രീ. എൻ. ദേവിദാസ്, ഹൗസിംഗ് കമ്മീഷണർ & സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

5. ശ്രീ. ബാബു വി., അഡീഷണൽ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

6. ശ്രീ. പി. വി. ബാബു, ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്.

7. ഡോ. എ. ബി. മൊയ്തീൻ കുട്ടി, ഡയറക്ടർ, മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്.

8. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം.

9. ശ്രീ. സുനിൽ ചാക്കോ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.

10. ശ്രീമതി. മായാദേവി പി. ജി., ഡെപ്യൂട്ടി സെക്രട്ടറി, മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്.

11.ശ്രീ. കൃഷ്ണപ്രകാശ്, ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

12. ശ്രീ. കെ. പി. കൃഷ്ണകുമാർ, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

13. ശ്രീമതി ഹ്യൂഗിൻ ആൽബെർട്ട്. ചീഫ് എഞ്ചിനീയർ. പി. ഡബ്ല്യൂ. ഡി, ബിൽഡിംഗ്സ് വിഭാഗം.

14. ശ്രീ. ജയൻ ആർ, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് നിർമ്മിതികേന്ദ്ര.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് XXI(ഭവനനിർമ്മാണം), XXV(പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യാർത്ഥന XXV

### പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം.

2225-04-001-99—നടത്തിപ്പ്

06—വാടക, കരം, നികുതി

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് വാടക നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 78.575 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-04-277-91—സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതിയ്ക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8.293 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം - ശമ്പളം

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ/ഡി.എ, ശമ്പളപരിഷ്കരണം ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 91.39 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-04-102-91—(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ)

36—സഹായധനം - ശമ്പളേതരം.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ് (കുടിശ്ശിക ഉൾപ്പെടെ) നൽകുന്നതിനും ഓഫീസ് കെട്ടിട വാടക

തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള ചെലവ് വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.0164 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXI - ഭവനനിർമ്മാണം

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

01—സഹായധനം

36—സഹായധനം, ശമ്പളേതരം

സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-80-201-96—കടകംപള്ളി റവന്യൂ ടവർ പദ്ധതി

കടകംപള്ളി റവന്യൂ ടവർ പദ്ധതി നിർമ്മാണം പൂർത്തീകരിച്ച വകയിൽ ബാക്കി നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-80-201-94—കോഴിക്കോട് സ്ഥിതിചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ്

കോഴിക്കോട് സ്ഥിതിചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-05-053-98—<u>മറ്റു സംരക്ഷണ ചെലവുകൾ</u>

17—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ സംരക്ഷണ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയം (പൊതുമരാമത്ത് വകുപ്പ്) ലഭ്യമാക്കിയ ധനാഭ്യർത്ഥനയിൽ അധിക തുക ആവശ്യപ്പെടുന്നതിനുള്ള കാരണം വ്യക്തമാക്കാത്തതിനാൽ ഭാവിയിൽ ബഡ്ജറ്റ് വിഹിതത്തിന്മേൽ അധിക തുക ആവശ്യപ്പെടുന്നതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. ഇക്കാര്യം സമിതി റിപ്പോർട്ടിൽ പൊതുശിപാർശയായി ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

02—<u>പ്രത്യേക അറ്റകുറ്റപ്പണികൾ</u>

03—<u>വൈദ്യുത സാമഗ്രികളുടെ സംരക്ഷണം</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പ്രത്യേക അറ്റകുറ്റപ്പണികൾ, വൈദ്യുത സാമഗ്രികളുടെ സംരക്ഷണം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-05-053-95—<u>തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—<u>സാധാരണ അറ്റകുറ്റപ്പണികൾ</u>

02—<u>പ്രത്യേക അറ്റകുറ്റപ്പണികൾ</u>

03—<u>വൈദ്യുത സാമഗ്രികളുടെ സംരക്ഷണം</u>

തിരുവനന്തപുരം നഗരത്തിലെ എല്ലാ മന്ത്രി മന്ദിരങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-05-053-94—നിയമസഭാസാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ്

16—വൻകിട മരാമത്തു പണികൾ

ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സിലെ വൻകിട മരാമത്തു പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 90.64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4216-01-106-98—നിർമ്മാണം

04—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

16—വൻകിട മരാമത്തു പണികൾ

സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതിയിൽ വൻകിട മരാമത്തു പണികൾക്കായി ബഡ്ജറ്റിൽ തുക നീക്കി വയ്ക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-700-87—ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം (75% കേന്ദ്ര വിഹിതം)

ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം ഇല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-700-85—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് കരാറുകാർക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള തുക കൊടുത്തു തീർക്കുന്നതിനായി ബഡ്ജറ്റിൽ വിഹിതം ഇല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

01—ശമ്പളം

ഹൗസിംഗ് കമ്മീഷണറുടെ ശമ്പളം 2021 മേയ് മുതൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും കൊടുക്കേണ്ടതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 16.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

II. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫ.നം. 1622/സബ്.സി.ഡി1/2020/നി.സെ.)

(HSG-B2/40/2020-HSG- തീയതി 21-4-2021)

6 മുതൽ 8 വരെ ഖണ്ഡികകളിന്മേൽ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് യോഗം അവസാനിച്ചു.

30-6-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2021 ജൂൺ 30-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ. സി. മൊയ്തീൻ
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള
6. ശ്രീ. ടി. ജെ. വിനോദ്.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>

ശ്രീ. റോജി എം. ജോൺ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

I) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 44-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിൽ "അടിയന്തരമായി പ്രസ്തുത വിഭാഗങ്ങൾക്ക് വേതനം" എന്നത് "പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട വേതന കുടിശ്ശിക തുക അടിയന്തരമായി" എന്നാക്കി മാറ്റുവാൻ തീരുമാനിച്ചു

കരട് റിപ്പോർട്ടിലെ 45-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിൽ വ്യക്തമാക്കാത്തതിൽ "സമിതി അതൃപ്തി രേഖപ്പെടുത്തുന്നു" എന്ന വാക്കുകൾക്കു പകരം വ്യക്തമാക്കിയിട്ടില്ല എന്ന് തിരുത്തൽ വരുത്തുവാൻ സമിതി തീരുമാനിച്ചു.

II) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഇനിയും മറുപടി ലഭിയ്ക്കാനുള്ള ശിപാർശകൾക്ക് എത്രയും വേഗം മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും തുടർന്ന് ലഭിയ്ക്കുന്ന നടപടി പത്രികകൾക്ക് ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

III) 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഭേദഗതികൾ കൂടാതെ അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.10-ന് പിരിഞ്ഞു.

<u>5-8-2021-ലെ യോഗനടപടിക്കുറിപ്പ്</u>

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും

ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി 'The Kerala Finance Bill, 2021', '2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ' എന്നിവ പരിഗണിക്കുന്നതിനായി 2021 ആഗസ്റ്റ് മാസം 5-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ ഹാജരായിരുന്ന, സമിതി അദ്ധ്യക്ഷൻമാർ/എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
(തദ്ദേശസ്വയംഭരണം,ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി)
അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി IX;
എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. കെ. രാജൻ
(റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി)
അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി II;
എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX.

3. ശ്രീ. കെ. രാധാകൃഷ്ണൻ
(പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ പാർലമെന്ററി കാര്യ ദേവസ്വം വകുപ്പുമന്ത്രി)
എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി II ;
പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV

4. ശ്രീ. വി. അബ്ദുറഹിമാൻ
(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി)
എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX

5. ശ്രീ. പി. രാജീവ്
(നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി)
പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV

ഹാജരായ അംഗങ്ങൾ:—

സബ്ജക്ട് കമ്മിറ്റി VIII:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ.

സബ്ജക്ട് കമ്മിറ്റി II:

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. കെ. ഡി. പ്രസേനൻ (ഓൺലൈൻ)
4. ശ്രീ. പി. ടി. എ. റഹീം
5. ശ്രീ. എം. രാജഗോപാലൻ
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
7. ശ്രീ. സനീഷ്കുമാർ ജോസഫ്
8. ശ്രീ. പി. വി. ശ്രീനിജിൻ.

സബ്ജക്ട് കമ്മിറ്റി IX:

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. എ. സി. മൊയ്തീൻ
5. ശ്രീ. വി. കെ. പ്രശാന്ത്

6. ശ്രീ. റോജി എം. ജോൺ

7. ശ്രീ. പി. ഉബൈദുള്ള

8. ശ്രീ. ടി. ജെ. വിനോദ്.

സബ്ജക്റ്റ് കമ്മിറ്റി XIV:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ

2. ശ്രീ. വി. ജോയി

3. ശ്രീ. ടി. ഐ. മധുസൂദനൻ

4. ശ്രീ. ടി. പി. രാമകൃഷ്ണൻ

5. ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ് , ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

3. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

4. ശ്രീമതി ജയശ്രീ എസ്., ഡെപ്യൂട്ടി സെക്രട്ടറി

5. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

6. ശ്രീമതി ഡി. ഒ. രെജി, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ:—

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഓൺലൈൻ).

2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, നികുതി വകുപ്പ്.

3. ഡോ. എസ്. കാർത്തികേയൻ, സ്പെഷ്യൽ കമ്മീഷണർ, ചരക്കുസേവന നികുതി വകുപ്പ്.

4. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

5. ശ്രീ. മധു. കെ., അഡീഷണൽ കമ്മീഷണർ, ചരക്കുസേവന നികുതി വകുപ്പ്.

6. ശ്രീ. ജി. ഐ. മൻസൂർ, ജോയിന്റ് കമ്മീഷണർ, കേന്ദ്ര ചരക്കുസേവന നികുതി വകുപ്പ്

7. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

സമിതി 'The Kerala Finance Bill 2021, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ' എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. **The Kerala Finance Bill, 2021 പരിഗണന**

The Kerla Finance Bill, 2021-ലെ 1, 2, 4, 6, 9, 10 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2021 അംഗീകരിക്കുകയും ചെയ്തു:

*Clause 1*

For sub-clause (2) the following clause shall be substituted,

namely:—

"(2) Save as otherwise provided in this Act,—

(a) Sub-sections (3) and (4) of section 8 shall be deemed to have come into force on the 1st day of August, 2021.

(b) sub- section (5) of section 8 shall be deemed to have come into force on the 1st day of June, 2021, remaining provisions of section 8 shall come into force on such date as the Government may, by notification in the official Gazette, appoint:

Provided that different dates may be appointed for different provisions of this section and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision.

(c) the remaining sections of this Act, shall be deemed to have come into force on the 10th day of June, 2021"

*Clause 2*

In Item (a) of sub-clause (3) of clause 2, for the words and figures, " 31st August, 2021" , the words and figures "30th November, 2021" , shall be substituted.

*Clause 4*

(1) In item (ii) of sub-clause (2),

(a) in sub-item (b) for the words and figures "30th June, 2021" , the words and figures "30th September, 2021" shall be substituted.

(b) in sub-item (c), for the words and figures "31st July, 2021" , the words and figures "31st October, 2021" shall be substituted.

(2) In sub-clause (3),

(a) item (1), (2), (3), (4), (5) shall be renumbered as (i), (ii), (iii), (iv), (v);

(b) in sub-item (a) of item (iii) as so renumbered, for the words and figures "31st August, 2021" , the words and figures "30th November, 2021" shall be substituted.

*Clause 6*

In sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 9*

in sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 10*

in sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

After clause 10 the following clause shall be inserted, namely:—

"11. Validation.—(1) Notwithstanding the lapse of the Kerala Finance Bill, 2021 (Bill No. 280 of the Fourteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of the said Bill, anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2021 to the 9th day of June, 2021, by virtue of the declared provisions contained in the said Bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the

Kerala Court Fees and Suits Valuation Act, 1959 (10 of 1960) or under the Kerala General Sales Tax Act, 1963 (15 of 1963) or under the Kerala Building Tax Act, 1975 (7 of 1975) or under the Kerala Agricultural Income Tax Act, 1991 (15 of 1991) or under the Kerala Value Added Tax Act, 2003 (30 of 2004) or under the Kerala Finance Act, 2019 (5 of 2019) or under the Kerala Finance Act, 2020 (7 of 2020) (hereinafter referred to as the 'respective Acts'), as they stand amended by the said Bill, shall be deemed to be and to have always been, for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st day of April, 2021 to the 9th day of June, 2021 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of said provisions of the said Bill, shall be deemed to have been validly done or taken under the respective Acts and no action shall lie against any dealer or authority on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government."

The Kerala Finance Bill, 2021-ന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

## II. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ:

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലെ 1,2,3 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ നിർദ്ദേശിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു:

<u>1-ാം ഖണ്ഡം</u>

(എ) 1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്

"1. <u>ചുരുക്കപ്പേരും പ്രാരംഭവും:</u>—(1) ഈ ആക്റ്റിന് 2021-ലെ കേരള ധനകാര്യ

(2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

2-ാം ഖണ്ഡം

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (xviii എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും പുനരുൽപാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും മലിനീകരണം കുറയ്ക്കുന്നതും മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും ഊർജ്ജകാര്യക്ഷമത പരമാവധി നല്കുന്നതും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ്."

3-ാം ഖണ്ഡം

(എ) ബില്ലിലെ 3-ാം ഖണ്ഡം (1)- ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (18 എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ്."

(ബി) 3-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

അതായത്:—

"4. സാധൂകരണം.— (1) 2021 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281 -ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്ന വെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്റ്റുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. റോജി എം. ജോൺ, ശ്രീ പി. ഉബൈദുള്ള,ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 7.00 മണിക്ക് അവസാനിച്ചു.

## 29-9-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2021 സെപ്റ്റംബർ 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.കെ അക്ബർ
2. ശ്രീ. എ.സി. മൊയ്തീൻ
3. ശ്രീ. വി.കെ. പ്രശാന്ത്
4. ശ്രീ. പി. ഉബൈദുള്ള.

ഓൺലൈനായി പങ്കെടുത്ത അംഗങ്ങൾ

1. ശ്രീമതി കാനത്തിൽ ജമീല
2. ശ്രീ. ടി.ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (എഫ്) വകുപ്പ്.
4. ശ്രീമതി ബീന എൽ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.

ഓൺലൈനായി പങ്കെടുത്ത ഉദ്യോഗസ്ഥർ

1. ശ്രീ. ടി.കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്.
4. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
5. ശ്രീ. ഷൈൻ എ.ഹഖ്, അഡീഷണൽ സെക്രട്ടറി&ജോയിന്റ് ചീഫ് പ്രോട്ടോക്കോൾ ഓഫീസർ, പൊതുഭരണ വകുപ്പ്.
6. ഡോ. പി. കെ. ജയശ്രീ, ഡയറക്ടർ ഓഫ് പഞ്ചായത്ത്.

സമിതി, നിയമസഭാ ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക, സമിതി റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. താഴെപ്പറയുന്ന എസ്. ആർ.ഒ. -കൾക്ക് സമിതി സാധൂകരണം നൽകി.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അൺ-എംപ്ലോയ്മെന്റ് അലവൻസ് (കേരള) റൂൾസ്, 2021 (എസ്.ആർ.ഒ.നം.129/2021)

(ഫ.നം.5859/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം.ഡിഡി2/252/2014/തസ്വഭവ. തീയതി, 26-2-2021)

കാലതാമപത്രിക (4-6-2021-ലെ കത്തുപ്രകാരം ലഭ്യമാക്കിയത്) സമിതി അംഗീകരിച്ചു

2. 2020-ലെ കേരള സംസ്ഥാന വഖഫ്(ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നം.875/2020)

(ഫ.നം. 4409/സബ്.സി.ഡി1/2021/നി.സെ)

(സർക്കാർ കത്ത് നം.എഫ്.1/2016/2020/റ.വ. തീയതി, 15-2-2021)

ചുവടെ ചേർക്കുന്ന എസ്.ആർ.ഒ.-കളിൽ നിയമസഭാ സെക്രട്ടേറിയറ്റ് ചൂണ്ടിക്കാണിച്ച പിശകുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി വീണ്ടും സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

1. The Special Rules for the Kerala Minority Welfare Subordinate Service, 2021 & The Special Rules for the Kerala Minority Welfare Service, 2021

(SRO No. 151/2021 & 152/2021)

(ഫ.നം. 4907/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം.MW1/51/2018-GAD തീയതി 8-3-2021)

2. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി റൂൾസ്, 2020 (എസ്.ആർ.ഒ. നം.808/2020)

(ഫയൽ നം.5214/സബ്.സി.ഡി1/2020/നി.സെ)

(സർക്കാർ കത്ത് നം.403/എം.ഡബ്ല്യു2/19/പൊ.ഭ.വ. തീയതി, 11-12-2020)

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടേയും കാലതാമസപത്രികകളുടെയും പരിഗണന

1.2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നം. 5488/സബ്.സി.ഡി1/2016/നി.സെ)

(സർക്കാർ കത്ത് നം.4173470/പി2/20/പൊ.വി.വ.തീയതി 22-1-2020)

ഖണ്ഡിക നമ്പർ 73-ന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക സമിതി അംഗീകരിച്ചു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3134/സബ്.സി.ഡി1/2017/നി.സെ.)

(സർക്കാർ കത്ത് നം.B2-18/2021/Hsg തീയതി 18-3-2021)

(സർക്കാർ കത്ത് നം.ഇ 3/155/2019/പൊ.മ.വ തീയതി 23-6-2021)

ഭവനനിർമ്മാണ വകുപ്പിൽ നിന്നും പൊതുശിപാർശ III-ന്മേലും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഖണ്ഡിക 10-ന്മേലും ലഭ്യമായ നടപടി പത്രികകൾ സമിതി അംഗീകരിച്ചു

3. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

4-ാ മത് റിപ്പോർട്ട്

(ഫ.നം. 3275/സബ്.സി.ഡി1/2019/നി.സെ)

(സർക്കാർ കത്ത് നം.B2/76/2019/Hsg തീയതി, 19-4-2021)

ഖണ്ഡിക നം.4, 5, 6, 11 എന്നിവയിന്മേൽ ഭവനനിർമ്മാണ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

4. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

5-ാ മത് റിപ്പോർട്ട്

(ഫ.നം. 1622/സബ്.സി.ഡി1/2020/നി.സെ)

(സർക്കാർ കത്ത് നം.ഇ 3/160/2020/പൊ.മ.വ. തീ. 20-7-2021)

ഖണ്ഡിക നം.1, 2, 3, 4, 9 എന്നിവയിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു.

**III താഴെപ്പറയുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു**

1. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫ.നം. 84/സബ്.സി.ഡി1/19/നി.സെ)

(സർക്കാർ കത്ത് നം.86/എഫ്.എം.2/2019/തസ്വഭവ. തീയതി 5-2-2021)

(സർക്കാർ കത്ത് നം.ഇ 3/456/2019/പൊ.മ.വ. തീയതി, 12-2-2021)

തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

2. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫ.നം.169/സബ്.സി.ഡി1/2020/നി.സെ)

(സർക്കാർ കത്ത് നമ്പർ MW/46/2020-GAD തീയതി 17-2-2021)

(സർക്കാർ കത്ത് നം.ഇ 4/73/2020/ആഭ്യന്തരം , തീയതി 25-6-2021)

(സർക്കാർ കത്ത് നം.ഇ 3/143/2020/പൊ.മ.വ. തീയതി 22-3-2021)

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം), ആഭ്യന്തരം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ കാലതാമസപത്രിക സമിതി അംഗീകരിക്കുകയും ഭാവിയിൽ കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## IV സമിതി റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

1. സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫ.നം.1663/സബ്.സി.ഡി1/2018/നി.സെ)

(സർക്കാർ കത്ത് നം.199/ഡി.സി1/19/ത.സ്വ.ഭ.വ തീയതി 11-2-2021)

റിപ്പോർട്ടിലെ 37, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. 15-5-2019-ലെ യോഗനിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫ.നം. 3229/സബ്.സി.ഡി1/2019/നി,സെ)

(സർക്കാർ കത്ത് നം.ഡി.ഡി1/2/2021/ത.സ്വ.ഭവ തീയതി, 12-7-2021)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി അംഗീകരിച്ചു.

സമിതിയുടെ അടുത്ത യോഗം ഒക്ടോബർ മാസം 4-ാം തീയതി തിരുവനന്തപുരത്തുവച്ച് ചേരുവാൻ തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 3.35 -ന് അവസാനിച്ചു).

## 4-10-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2021 ഒക്ടോബർ 4-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 8.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ. സി. മൊയ്തീൻ
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. റോജി എം. ജോൺ
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. സാദിഖ് എം. എൻ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീ. അബ്ദുൾ നാസർ ബി., എം. ഡി, മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം.

2021 ഒക്ടോബർ 4-ന് സഭ, സമിതിയുടെ പരിഗണനയ്ക്കയച്ച താഴെ പറയുന്ന ബില്ലുകൾ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.15599/സബ്.സി.ഡി1/2021/നി.സെ)

1) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ (ബിൽ നം.51)

ഖണ്ഡം 3

ഉപഖണ്ഡം (2) ഇനം (സി)യിൽ "നഷ്ടപരിഹാരം" എന്ന വാക്കിനുപകരം "പിഴ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 19

(i) മാർജിനൽ ശീർഷകത്തിൽ "നഷ്ടപരിഹാരം" എന്ന വാക്കിനുപകരം "പിഴ" എന്ന വാക്ക് ചേർക്കുക.

(ii) "നഷ്ടപരിഹാരമായി സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി" എന്നീ വാക്കുകൾക്ക് പകരം "പിഴയായി" എന്ന വാക്ക് ചേർക്കുക.

2) 2021-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ (ബിൽ നം.42)

ഖണ്ഡം 5

5-ാം ഖണ്ഡം പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 74 എ വകുപ്പിലെ (1)-ാം ഉപവകുപ്പ് ഇനം (എ)-യിൽ "സാംക്രമിക" എന്ന വാക്കിനു മുമ്പ് "തത്സമയം" എന്ന വാക്ക് ചേർക്കുക.

3) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നം.43)

ഖണ്ഡം 5

5-ാം ഖണ്ഡം പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 130 എ വകുപ്പിലെ (1)-ാം ഉപഖണ്ഡം ഇനം (എ)-യിൽ "സാംക്രമിക" എന്ന വാക്കിനു മുമ്പ് "തത്സമയം" എന്ന വാക്ക് ചേർക്കുക.

4) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ (ബിൽ നം.53) ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

ബില്ലുകളിന്മേൽ സർവ്വശ്രീ റോജി എം. ജോൺ, പി. ഉബൈദുള്ള,ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 9.00 മണിയ്ക്ക് അവസാനിച്ചു.

## 27-10-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2021 ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 7.45 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിയുമായ ശ്രീ. വി. അബ്ദുറഹിമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ.സി. മൊയ്തീൻ
4. ശ്രീ. വി.കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. സാദിഖ്, എം.കെ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ടി. ആർ. ജയലാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (വഖഫ്) വകുപ്പ്.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നമ്പർ 49) സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ബില്ലിന്മേൽ ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 8.00 മണിയ്ക്ക് അവസാനിച്ചു.

## 22-12-2021-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-2021 ഡിസംബർ 22-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത് പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.
2. ശ്രീമതി കാനത്തിൽ ജമീല, എം. എൽ. എ.
3. ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.
4. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.
5. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
6. ശ്രീ. റ്റി. ജെ. വിനോദ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി. ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബിജു വർഗ്ഗീസ് ഇരുമല, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. റ്റി. രഘുനാഥ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി. ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

6. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി,കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

7. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീ. ദേവിദാസ് എൽ., ഹൗസിംഗ് കമ്മീഷണർ & സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

9. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

10. ശ്രീ. പ്രമോദ്കുമാർ സി. പി., ചീഫ് ടൗൺ പ്ലാനർ

11. ശ്രീ. കെ. പി. കൃഷ്ണകുമാർ. ചീഫ് എഞ്ചിനീയർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

12. ശ്രീമതി ഊർമ്മിള രാജ് വി., ചീഫ് പ്ലാനർ, ഹൗസിംഗ് കമ്മീഷണറേറ്റ്.

കരട് ചട്ടം, സാധൂകരണത്തിനായി ലഭിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**I കരട് ചട്ടത്തിന്റെ പരിഗണന**

**The Kerala Technical Cell of the Housing Department (Office of the Housing Commissioner) State Service Special Rules, 2021.**

(ഫ.നം. 15759/സബ്.സി.ഡി1/2021/നി. സെ.)

HSG-A1/84/2017; തീയതി 20-9-2021

പ്രസ്തുത കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

**II എസ്. ആർ. ഒ.കളുടെ സാധൂകരണം**

താഴെപ്പറയുന്ന എസ്.ആർ.ഒ.കൾക്ക് സമിതി സാധൂകരണം നൽകി.

(1) 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ (എസ്.ആർ.ഒ.നം.705/2021)

(ഫ.നം. 17137/സബ്.സി.ഡി1/2021/നി.സെ)

[ഡി2/235162/2005/ത.സ്വ.ഭ.വ തീയതി 21-10-2021]

(2) 2021-ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ/നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ (എസ്. ആർ. ഒ.നം. 704/2021)

(ഫ.നം. 17138/സബ്.സി.ഡി1/2021/നി.സെ.)

[ഡി2/15/2017/ത.സ്വ.ഭ.വ. തീയതി 21-10-2021]

ശ്രീ. പി. ടി. തോമസ് എം. എൽ. എ.യുടെ നിര്യാണ വാർത്ത അറിഞ്ഞതിനെത്തുടർന്ന് യോഗനടപടികൾ നിർത്തിവച്ച് സമിതി ഒരു മിനിട്ട് മൗനം ആചരിച്ചു

അജണ്ടയിലെ മറ്റിനങ്ങൾ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു

രാവിലെ 11.10-ന് യോഗം അവസാനിച്ചു.

## 25-1-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2022 ജനുവരി 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂ, ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, ബഹു. കായികം, വഖഫ്,ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവർ വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.
2. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.
2. ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ.
3. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
4. ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്ത ഉദ്യോഗസ്ഥർ</u>

1. ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്
2. ശ്രീ. എൻ. ദേവിദാസ്, IAS, ഹൗസിംഗ് കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
3. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ഡോ. രേണുരാജ്, ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
7. ശ്രീ. കൃഷ്ണകുമാർ കെ. പി., ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയൽ, തെളിവെടുപ്പിനുള്ള ഫയലുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും പരിഗണന

1) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

(ഫയൽ നം. 3275/സബ്.സി.ഡി1/2019/നി.സെ.)

[ഇ 3/392/2019/പൊ.മ.വ. തീയതി 10-12-2021]

ഖണ്ഡിക നം. 1, 2, 9 എന്നിവയിന്മേൽ പൊതുമരാമത്ത് (ഇ) വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

കാലതാമസപത്രികകൾ സമർപ്പിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുകയും നടപടിപത്രികകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

2) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്:

(ഫയൽ നം. 1622/സബ്.സി.ഡി1/2020/ നി.സെ.)

[MW1/135/2020-GAD തീയതി 9-12-2021]

26 മുതൽ 35 വരെയുള്ള ഖണ്ഡികകളിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു

3) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്:

(ഫയൽ നം. 11982/സബ്.സി.ഡി1/2021/നി.സെ.)

(HSG-B2/88/2021/HSG. തീയതി 4-1-2022)

ഭവന നിർമ്മാണ (ബി) വകുപ്പിൽ നിന്നും ഖണ്ഡിക നം. 6, 11 എന്നിവയിന്മേൽ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിക്കുകയും സാമ്പത്തിക വർഷം പൂർത്തിയായ ഉടൻ അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

## II <u>വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകളുടെ പരിഗണന</u>

താഴെപ്പറയുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു

1) 2019-20 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 169/സബ്.സി.ഡി1/2020/നി.സെ.)

[എ 2/176/2021/സഹ. തീയതി 16-9-2021]

2) 2020-21 സാമ്പത്തിക വർഷത്തെ ഭവനനിർമ്മാണ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 1215/സബ്.സി.ഡി1/2021/നി.സെ)

[HSG-P3/17/2021. തീയതി 21-10-2021]

**III സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയ ഫയൽ**

1) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (SRO No. 828/2019, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ (SRO No. 829/2019)

(ഫയൽ നം. 627/സബ്.സി.ഡി1/2020/നി.സെ.)

(157/ആർ.ഡി2/2021/തസ്വഭവ. തീയതി 23-12-2021)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിക്കുകയും 2022 മാർച്ച് 31-നകം പ്രസ്തുത ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ച് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**IV. തെളിവെടുപ്പ് നടത്തിയ ഫയലുകൾ**

1) 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട്

(ഫയൽ നം. 680/സബ്.സി.ഡി1/2013/നി.സെ.)

2) 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്

(ഫയൽ നം. 1140/സബ്.സി.ഡി1/2015/നി.സെ.)

(നം. 157/ആർ.ഡി2/2021/തസ്വഭവ. തീയതി 24-1-2022)

മേൽ പരാമർശിച്ച ആക്ടുകളിന്മേൽ, വകുപ്പ് തയ്യാറാക്കിയ കരട് ചട്ടങ്ങൾ വിദഗ്ധ സമിതി പരിശോധിച്ചു വരികയാണെന്നും തുടർന്ന് നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം ചട്ടങ്ങളുടെ കരട് ഒരു മാസത്തിനുള്ളിൽ സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ഉറപ്പിന്മേൽ പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## 15-3-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-2022 മാർച്ച് 15-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനം കഴിഞ്ഞ് (ഉച്ചയ്ക്ക് ശേഷം 2.50-ന്) നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ശ്രീ. കെ. രാജൻ, ബഹു. റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ, ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവരും യോഗത്തിൽ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ. എം. എൽ. എ.
2. ശ്രീമതി കാനത്തിൽ ജമീല, എം. എൽ. എ.
3. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.
4. ശ്രീ. റോജി. എം. ജോൺ, എം. എൽ. എ.
5. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
6. ശ്രീ. ടി. ജെ. വിനോദ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി. ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. സാദിഖ്, എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. റ്റി. രഘുനാഥ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി പ്രീത. കെ. എസ്, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീമതി. ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

## കരട് ചട്ടങ്ങളുടെ പരിഗണന

The Local Self Government Department State Service Special Rules, 2022,
The Local Self Government Department Subordinate Service Special Rules, 2022

(ഫയൽ നം. 4051/സബ്.സി.ഡി1/2022/നി.സെ.)

ചട്ടങ്ങൾ സംബന്ധിച്ചുള്ള വിശദീകരണം നല്കുവാൻ ബഹു. സമിതി ചെയർമാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുൻസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളുടെ യോജിച്ചുള്ള പ്രവർത്തനം അനിവാര്യമായതിനാൽ പ്രസ്തുത സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് 26-2-2011-ന് സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.61/2011/തസ്വഭവ) ഇറക്കുകയും ആയതിലേയ്ക്ക് വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും പദ്ധതി നിർവ്വഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമായി വന്നതിന്റെ അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് 27-12-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം(സ.ഉ.(കൈ)നം. 198/2016/തസ്വഭവ) ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുകയും കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങളും, പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും 17-7-2020-ലെ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിലേയ്ക്കായി ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സെക്രട്ടറിമാരുടെ യോഗത്തിൽ പരിഗണിക്കുകയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, നിയമ വകുപ്പ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും അഭിപ്രായം ആരായുകയും ചെയ്തശേഷം അതനുസരിച്ച് ആവശ്യമായ ഭേദഗതികൾ കരട് ചട്ടങ്ങളിൽ വരുത്തുകയും ചെയ്തിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ചട്ടം നിലവിൽ വന്നു കഴിഞ്ഞാൽ പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം നേരിട്ടുള്ള നിയമനത്തിൽ മാത്രമായി നിജപ്പെട്ടുമോ എന്ന് ആരാഞ്ഞ സമിതിയോട് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ മുഖേനയുള്ള നിയമനവും തമ്മിൽ 60:40 എന്ന അനുപാതത്തിൽ നടത്താൻ സാധിക്കുമെന്നും ഏകീകൃത സർവ്വീസ് നിലവിൽ വരുന്നതോടെ വകുപ്പിനുള്ളിൽ നിന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ നിയമനം നടത്തുവാൻ സാധിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

നിലവിൽ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം, ഏകീകൃത സർവ്വീസ് വരുന്നതോടെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുടെ നിയന്ത്രണത്തിൽ നിന്നും പുറത്താകില്ലേ എന്നും ടെക്നിക്കൽ/അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങൾ തമ്മിൽ ഓവർ ലാപ്പിംഗ് ഉണ്ടാകില്ലേ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സേവനം തുടർന്നും ജില്ലാപഞ്ചായത്തിന് ലഭ്യമാണെന്നും ജോലി സ്വഭാവത്തിലോ പ്രവർത്തന രീതിയിലോ ത്രിതല സംവിധാനത്തിലോ യാതൊരു മാറ്റവും ഉണ്ടാകുന്നില്ലെന്നും എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള പ്രവർത്തികൾ തുടർന്നും എക്സിക്യൂട്ടീവ് എഞ്ചിനിയർ തന്നെയാണ് കൈകാര്യം ചെയ്യുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ഏകീകൃത സർവ്വീസ് നിലവിൽ വരുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റത്തിൽ വരുന്ന മാറ്റങ്ങൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട സമിതിക്ക് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ അഞ്ച്തരം സംവിധാനങ്ങളിലും അഞ്ച് ലെവൽ ഭരണനേതൃത്വമുണ്ടെന്നും പ്രസ്തുത ഭരണ സമിതിയുടെ കീഴിൽ തന്നെയാണ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർ ഓഫീസ് പ്രവർത്തിക്കുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം അഞ്ച് തലങ്ങളേയും ആശ്രയിക്കാതെ ഏകീകൃതവും സവിശേഷവുമായ വിവരങ്ങൾ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കുവാൻ സാധിക്കുമെന്നും റൂൾസ് പ്രാബല്യത്തിൽ വരുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ സമയബന്ധിതമായി പരിഹരിക്കാമെന്നും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേക സംവിധാനമായി നിലനിൽക്കുമെന്ന ആക്ഷേപം ചട്ടം നിലവിൽ വരുന്നതോടുകൂടി പരിഹരിക്കപ്പെടുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കണ്ടിജന്റ് ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച ജനറൽ റൂൾസിൽ ഒരു പ്രത്യേക സ്ഥാപനത്തിനെ/ഇൻസ്റ്റിറ്റ്യൂഷനെ അടിസ്ഥാനപ്പെടുത്തിയാണ് കണ്ടിജന്റ് ജീവനക്കാരെ നിയമിക്കേണ്ടത് എന്ന് പ്രത്യേകമായി പരാമർശിച്ചിട്ടുള്ളതിനാൽ കണ്ടിജന്റ് ജീവനക്കാർ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിലാണ് വരുന്നതെന്നും പ്രസ്തുത വിഭാഗത്തിന് പ്രത്യേക ചട്ടം രൂപീകരിക്കണമെന്നുള്ള ഉപദേശമാണ് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളത് എന്നും ആയതിനാൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രസ്തുത ജീവനക്കാർക്ക് ബാധകമല്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ വർക്ക് സ്റ്റഡി നടത്തി ജോലിഭാരത്തിനനുസരിച്ച് ജീവനക്കാരെ പുനർവിന്യസിച്ചാൽ മാത്രമേ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രഖ്യാപനത്തിൽ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ എന്ന് വിലയിരുത്തിയ സമിതി അക്കാര്യത്തിൽ പ്രത്യേകം ഊന്നൽ നല്കണമെന്നും മുപ്പത്തിയേഴായിരത്തോളം ജീവനക്കാരെ ഏകീകൃത ചട്ടത്തിനു കീഴിൽ കൊണ്ടുവരുമ്പോഴുണ്ടാകുന്ന ജീവനക്കാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച വിഷയങ്ങളും മറ്റ് പ്രശ്നങ്ങളും പരിഹരിക്കാൻ പ്രശ്നപരിഹാര സെൽ മുഖേന നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

താഴെപ്പറയുന്ന ഭേദഗതികളോടുകൂടി പ്രസ്തുത കരട് ചട്ടങ്ങൾ സമിതി അംഗീകരിച്ചു

1. <u>The Local Self Government Department State Sevice Special Rules, 2022</u>

ചട്ടം 8-ൽ " Category 3 to 7 under Group I " എന്നത് "Category 3 to 6 under Group I "എന്നാക്കി മാറ്റുക.

2. <u>The Local Self Government Department Subordinate Service Special Rules, 2022</u>

1. ചട്ടം (7)-ൽ Group I General Wing എന്ന തലക്കെട്ടിനുകീഴിലുള്ള പട്ടികയിൽ ക്രമനമ്പർ 14-ൽ Librarian Grade IV and Cultural Assistant ന് നേരെ Method of appointment കോളത്തിൽ "(i) By transfer appointment from approved probationers in any Category in the Subordinate Service" എന്നതിനുശേഷം " and full time contingent service of the department" എന്നത് കൂട്ടിച്ചേർക്കുക.

2. ചട്ടം (7)-ൽ Sub-Group(d) Electricity Wing of Thrissur Corporation എന്ന തലക്കെട്ടിന് കീഴിലുള്ള പട്ടികയിൽ ക്രമനമ്പർ 3-ന് നേരെ 3-ാം കോളത്തിൽ "എന്ന് Rule 2 definition ഭേദഗതി വരുത്തിയിട്ടുണ്ട്" എന്ന ഭാഗം ഒഴിവാക്കേണ്ടതാണ്.

3. ചട്ടം (11 )-ൽ proviso ആയി " in the case of office attendant grade II and equivalent or low paid posts, the probation period will be a total period of One year on duty within a continuous period of 2 years" എന്നത് ചേർക്കുക.

കൂടാതെ കരട് ചട്ടങ്ങളിൽ Bold, Italics ആയുള്ള ചിലവ ഒഴിവാക്കുന്നതിനും ചിലത് അപ്രകാരമാക്കി മാറ്റുന്നതിനും അലൈൻമെന്റ് ചെയ്യുന്നതിനും നിയമവകുപ്പിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ഉള്ളടക്കത്തിൽ മാറ്റമില്ലാതെ ക്രമീകരിക്കുക.

യോഗം വൈകുന്നേരം 3.40 ന് അവസാനിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,

2022, ജൂൺ 30.